**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3215** **19.06.2019 ൽ മറുപടിയ്ക്ക്**

**തരിശു രഹിത പഞ്ചായത്ത്**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം സംസ്ഥാനത്തെ ബ്ലോക്കുകളിൽ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | തരിശു രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം സംസ്ഥാനത്തെ ബ്ലോക്കുകളിൽ കാര്യക്ഷമമായി നടന്നു വരുന്നുണ്ട്. ആയതിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.<br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും, മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും, മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്.<br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയുമാണു ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്. |

| | | | |
|---|---|---|---|
| ബി) | തരിശുരഹിത പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുകവഴി എത്ര ശതമാനം തരിശുനിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | ബി) | 2016-17- ലെ 'Current fallow' എന്ന വിഭാഗത്തിൽപ്പെട്ട തരിശു 72008 ഹെക്ടർ ആയിരുന്നു.<br><br>മൂന്നു വർഷം കൊണ്ട് 2016-17- ൽ ഉണ്ടായിരുന്ന തരിശിന്റെ 20.02% സ്ഥലത്ത് നെല്ലും പച്ചക്കറിയും കൃഷി ചെയ്യാൻ സാധിച്ചു. |

Mayap

**സെക്ഷൻ ഓഫീസർ**